'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - 29-08-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - പാനൂർ ബ്ലോക്ക് പഞ്ചായത്ത് - പന്ന്യന്നൂർ പി.എച്ച്.സിയ്ക്ക് ലാബ് നിർമ്മാണത്തിനും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പ്രോജക്ടുകൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.2079/2019/LSGD തീയതി,തിരുവനന്തപുരം, 25/09/2019

---

പരാമർശം:- 1 പാനൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 05.07.2019-ലെ CC/387/19, CC/386/19 നമ്പർ കത്തുകൾ

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.08.2019-ലെ യോഗത്തിന്റെ 4.19 & 4.20 എന്നീ നമ്പർ തീരുമാനങ്ങൾ

**ഉത്തരവ്**

പാനൂർ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള പന്ന്യന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച രണ്ട് പദ്ധതികൾക്ക് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്ര കോഓർഡിനേഷൻ സമിതിയുടെ അംഗീകാരം ലഭ്യമാക്കണമെന്ന പരാമർശം (1) പ്രകാരമുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ ശുപാർശ ചെയ്യുകയുണ്ടായി. പന്ന്യന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിലവിലെ കെട്ടിടത്തിൽ അറ്റകുറ്റപ്പണികൾ നടത്തി ലാബ് സൗകര്യം ഒരുക്കുന്നതിന് 3.50 ലക്ഷം രൂപയും(പ്രോജക്ട് നം.35/2020) ലാബ് ഉപകരണങ്ങൾ വാങ്ങാൻ 5.50 ലക്ഷം രൂപയും (പ്രോജക്ട് നം.50/2020) നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന 2 പദ്ധതികൾക്കാണ് അനുമതി ആവശ്യപ്പെട്ടത്. 29.08.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിഗണിക്കുകയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സി.എച്ച്.സി. ഇല്ല എന്ന കാര്യം പരിഗണിച്ച് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ സമ്മതപത്രം ഉണ്ടായിരിക്കണം എന്ന നിബന്ധനയോടെ പദ്ധതികൾ നടപ്പാക്കാൻ അനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയുമുണ്ടായി.

2. മേൽ വിവരിച്ച സാഹചര്യത്തിൽ പന്ന്യന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിലേക്കുമായി മെയിന്റനൻസ് ഗ്രാന്റിൽ (നോൺ റോഡ്) നിന്നും തുക ചെലവഴിച്ച് നടപ്പാക്കുന്നതിന് പാനൂർ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിട്ടുള്ള ചുവടെ പറയുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിന്റെ സമ്മതപത്രം നേടി നടപ്പാക്കാൻ അംഗീകാരം നൽകി ഉത്തരവാകുന്നു.

# File No.LSGD-DD2/318/2019-LSGD

| ക്രമ നം., | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക (രൂപ) |
|---|---|---|---|
| 1 | 35/2020 | പന്ന്യന്നൂർ പി.എച്ച്.സി.യ്ക്ക് ലാബ് നിർമ്മാണം | 3,50,000 |
| 2 | 50/2020 | പന്ന്യന്നൂർ പി.എച്ച്.സി.യ്ക്ക് ലാബ് ഉപകരണങ്ങൾ | 5,50,000 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BIJUKUTTAN.M.S

ADDITIONAL SECRETARY

പകർപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, പാനൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2019.08.07 10:19:52 IST
Reason: Approved

സെക്ഷൻ ഓഫീസർ